പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4213 — 25.06.2014 ൽ മറുപടിക്ക്.

## അന്യസംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ

| ചോദ്യം<br>ശ്രീമതി ഗീതാ ഗോപി | മറുപടി<br>ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
|---|---|
| (എ) സംസ്ഥാനത്തെ വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന അന്യ സംസ്ഥാന തൊഴിലാളികളുടെ സേവന - വേതന- ജീവിത സാഹചര്യങ്ങളെ കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | (എ) പഠനം നടത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പിനുവേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ പഠനം നടത്തി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഇത്തരം തൊഴിലാളികൾ പ്രാഥമിക സൗകര്യങ്ങൾ പോലും നിർവ്വഹിക്കാൻ സൗകര്യമില്ലാത്ത സാഹചര്യത്തിലാണ് ജീവിച്ചുവരുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം അവസ്ഥ മാറ്റിയെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | (ബി) ഈ വർഷം സംസ്ഥാന വ്യാപകമായി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ അന്യസംസ്ഥാന തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന 127 കേന്ദ്രങ്ങളിൽ പരിശോധനകൾ നടത്തുകയും അടിസ്ഥാന സൗകര്യങ്ങൾലഭ്യമാണോയെന്ന് ഉറപ്പ് വരുത്തുകയും നിയമ ലംഘനം നടത്തിയതായി കണ്ടെത്തിയ തൊഴിലുടമകൾക്കെതിരെ നോട്ടീസ് നൽകി നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ആഫീസർ.